വൈറൽ

# കാസി എന്ന കുട്ടി ശാസ്ത്രജ്ഞൻ

• ആബിദ് കോലിക്കര

പ്ലാസ്റ്റിക്കിനെ കുറിച്ച്, അത് പ്രകൃതിക്ക് ഏൽപ്പിക്കുന്ന പ്രശ്നങ്ങളെ പറ്റിയൊക്കെ കൂട്ടുകാർ ഏറെ കേട്ടിരിക്കുമല്ലോ. നമ്മുടെ ഭൂമിയെ സംരക്ഷിക്കാൻ എനിക്കെന്ത് ചെയ്യാൻ കഴിയും എന്ന് കൂട്ടുകാർ ആലോചിച്ചിട്ടുണ്ടോ?

ഇതാ ഇവിടെ നിങ്ങളുടെ ഒരു കൂട്ടുകാരൻ അത്തരത്തിൽ ഒരു കണ്ടുപിടിത്തവുമായി വന്നിരിക്കുന്നു. പൂനെ ഇൻഡസ് ഇന്റർനാഷ്ണൽ സ്കൂളിലെ എട്ടാം ക്ലാസുകാരൻ ഹാസിഖ് കാസി ആണ് ഈ കൂട്ടുകാരൻ. കടൽ വൃത്തിയാക്കുന്ന കപ്പൽ ആണ് അവന്റെ കണ്ടുപിടിത്തം.

കടലിൽ വന്നു ചേരുന്ന പ്ലാസ്റ്റിക്കിന്റെ അളവിനെ കുറിച്ചും അവ മൽസ്യം





ഭക്ഷിക്കുന്നതു വഴി നമ്മുടെ വയറ്റിലെത്തുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളെ പറ്റിയുമൊക്കെ പഠിച്ചതാണ് ഇത്തരത്തിലൊരു ആലോചനയിലേക്ക് കാസിയെ എത്തിച്ചത്.

2050 –ഓടെ കടലിലെ ജീവികളുടെ അത്രത്തോളമോ അതിലധികമോ പ്ലാസ്റ്റിക് കടലിൽ എത്തിച്ചേരും എന്നാണ് പഠനങ്ങൾ പറയുന്നത്. ഇതിങ്ങനെ തുടർന്നാൽ വരും കാലത്തിന് ആപത്താണല്ലോ എന്ന ചിന്തയാണ് കടൽ വൃത്തിയാക്കുന്ന കപ്പൽ 'ERVIS' ലേക്ക് കാസി എത്തിയത്. കപ്പലിന്റെ രൂപത്തിൽ വലിയൊരു വാക്വം ക്ലീനർ എന്നാണ് കാസി തന്റെ പ്രൊജക്ടിനെ പറ്റി പറയുന്നത്.

ആദ്യം വൃത്തരൂപത്തിൽ ഒരു സംവിധാനമായിരുന്നു കാസി ഉണ്ടാക്കിയത്. എന്നാൽ അതിന് വെറും ഏഴ് സെക്കന്റ് മാത്രമേ വെള്ളത്തിന് മുകളിൽ പൊങ്ങിക്കിടക്കാൻ സാധിച്ചുള്ളൂ. എന്നിട്ടും തളരാതെ ശാസ്ത്രജ്ഞൻമാരെയും എഞ്ചിനീയർമാരെയുമെല്ലാം കണ്ട് ചർച്ച ചെയ്താണ് വെള്ളത്തിൽ സഞ്ചരിക്കാനും പൊങ്ങിക്കിടക്കാനും പറ്റുന്ന രൂപത്തിൽ ഇപ്പോൾ കാണുന്ന ERVIS രൂപം കൊള്ളുന്നത്. വെള്ളത്തിൽ നിന്ന് മാലിന്യം വലിച്ചെടുക്കാനുള്ള സംവിധാനങ്ങളും അവ തരം തിരിച്ച് സൂക്ഷിക്കാൻ അറകളുമെല്ലാം ഇതിനുണ്ട്.

ലോകം മുഴുവൻ ഏറെ പ്രതീക്ഷയോടെ കാസിയുടെ കണ്ടുപിടിത്തത്തെ ഏറ്റെടുത്തു കഴിഞ്ഞു. •

▸▸ കൈഗ ആണവനിലയം സ്ഥിതിചെയ്യുന്നത് ഏത് സംസ്ഥാനത്താണ്– കർണാടക